പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1586

31-01-2018 ൽ മറുപടിക്ക്

**വെളിച്ചെണ്ണയുടെയും, പച്ചക്കറികളുടെയും വിലവർദ്ധന**

ചോദ്യം

ശ്രീ.അടൂർ പ്രകാശ്

ശ്രീ. വി.എസ്. ശിവകുമാർ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കമ്പോളത്തിൽ വെളിച്ചെണ്ണയുടെയും, പച്ചക്കറികളുടെയും വില സർവ്വകാല റിക്കാർഡിൽ എത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ | (എ) | വെളിച്ചെണ്ണയുടെ വില ഇപ്പോൾ സർവ്വകാല റെക്കോർഡിലാണ്. എന്നാൽ പച്ചക്കറികൾക്ക് ന്യായമായ വിലയാണ് ഇപ്പോൾ നിലവിലുള്ളത്. |
| (ബി) | കേരഫെഡിന്റെ കേര വെളിച്ചെണ്ണയ്ക്ക് 2017 നവംബർ, ഡിസംബർ, 2018 ജനുവരി മാസങ്ങളിൽ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരഫെഡിന്റെ കേര വെളിച്ചെണ്ണയുടെ വില 1 ലിറ്റർ പൗച്ചിന് 2017 നവംബർ മാസം 4-ാം തീയതി 220 രൂപയായും (എം.ആർ.പി), നവംബർ മാസം 24-ാം തീയതി 240 രൂപയായും (എം.ആർ.പി), ഡിസംബർ 13-ാം തീയതി 260 രൂപയായും (എം.ആർ.പി), ഉയർന്നിരുന്നു. എന്നാൽ 18-01-2018 മുതൽ കേര വെളിച്ചെണ്ണയുടെ വില ഒരു ലിറ്റർ പൗച്ചിന് എം.ആർ.പി 250 രൂപയായി കുറച്ചിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ കേരഫെഡ് ഒരിക്കൽ പോലും വെളിച്ചെണ്ണയ്ക്ക് അമിത വില ഈടാക്കിയിട്ടില്ല. വെളിച്ചെണ്ണ ഉല്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുവായ കൊപ്ര, കേരഫെഡ് വാങ്ങുന്ന വിലയ്ക്ക് അനുസൃതമായിട്ടാണ് കേരഫെഡ് വെളിച്ചെണ്ണയുടെ വില കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത്. കൊപ്രയുടെ വില കഴിഞ്ഞ 30 വർഷ കാലയളവിലെ സർവ്വകാല റെക്കോർഡിൽ എത്തി നിൽക്കുകയാണ്. 04-11-2017 ൽ, |

| | | | |
|---|---|---|---|
| | | | കേരഫെഡ് വാങ്ങിക്കൊണ്ടിരുന്ന കൊപ്രയുടെ വില കിലോയ്ക്ക് 110/- രൂപയിൽ നിന്നും 118/- രൂപയായതുകൊണ്ടാണ് കേര വെളിച്ചെണ്ണ യുടെ വില വർദ്ധിപ്പിക്കേണ്ടിവന്നത്. കൂടാതെ 24-11-2017 ന് കൊപ്രയുടെ വില കിലോയ്ക്ക് 118/- രൂപയിൽ നിന്നും 135/- രൂപയും 13-12-2017 ന് കിലോയ്ക്ക് 135/- രൂപയിൽ നിന്നും 147/- രൂപയുമായതുകൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില വീണ്ടും വീണ്ടും വർദ്ധിപ്പിക്കേണ്ടിവന്നത്. എന്നാൽ 18-01-2018 ൽ കൊപ്രയുടെ വില കിലോയ്ക്ക് 147/- രൂപയിൽ നിന്നും 138/- രൂപയായി കുറഞ്ഞതുകൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില കുറച്ചത്. |
| (സി) | സർക്കാർ സ്ഥാപനം തന്നെ വെളിച്ചെണ്ണയുടെ വില അമിതമായി വർദ്ധിപ്പിച്ചത് പൊതു കമ്പോളത്തിൽ വെളിച്ചെണ്ണയുടെ വില കൂടാൻ ഇടയാക്കിയിട്ടില്ലേ എന്നറിയിക്കാമോ ? | (സി) | കേരള സർക്കാർ സ്ഥാപനമായ കേരഫെഡ് ഒരിയ്ക്കൽപോലും വെളിച്ചെണ്ണയ്ക്ക് അമിത വില ഈടാക്കിയിട്ടില്ലാത്തതിനാൽ കേരഫെഡ് മുഖേന പൊതു കമ്പോളത്തിൽ വെളിച്ചെണ്ണ യുടെ വില കൂടുവാൻ ഇടവന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ